LIBRARY ARCHIVES Kerala Legislative Assembly

റോഡ് സുരക്ഷ

156 (161) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുടെ ഭാഗമായി മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഗതാഗത നിയമം ലംഘിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) മദ്യപിച്ച് വാഹനം ഓടിച്ചതിന്റെ പേരിൽ എത്ര ആളുകളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്;

(ഡി) നിരീക്ഷണ ക്യാമറകളിൽ രേഖരിക്കപ്പെട്ട നിയമ ലംഘനങ്ങളിൽ, നാളിതുവരെ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്ത കേസുകൾ എത്ര;

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഓരോ വർഷവും ഉണ്ടായ ഗതാഗത നിയമ ലംഘന കേസുകൾ എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) റോഡ് സുരക്ഷയുടെ ഭാഗമായി രൂപവത്കരിച്ചിട്ടുള്ള ഗതാഗത നിയമം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ആൾക്കാർക്കും മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും ബാധകമാണ്. വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വിവരം രേഖരിച്ചുവരുന്നു.

(ഡി) നിരീക്ഷണം ക്യാമറകളിൽ രേഖരിക്കപ്പെട്ടിട്ടുള്ള എല്ലാ ഗതാഗത നിയമലംഘന കേസുകളിലും തുടർ നടപടികൾ സ്വീകരിക്കുകയും വാഹന ഉടമകൾക്ക് നോട്ടീസ് അയച്ച് പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ (18-5-2011 മുതൽ 28-2-2015 വരെ) വർഷം തിരിച്ചുള്ള ഗതാഗത നിയമലംഘന കേസ്സുകളുടെ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.